കയർ സഹകരണ സംഘങ്ങളെ സംരക്ഷിക്കാൻ നടപടി

99 [2966] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘങ്ങളെ സംരക്ഷിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൊണ്ടിട്ടുള്ള പ്രധാന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കയർ സംഘങ്ങൾ വരുത്തിയ സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ വിപണി വികസന സഹായം (എം.ഡി.എ.) നൽകി വരുന്നു. പീഡിതവും നിഷ്ക്രിയവുമായ കയർ വ്യവസായ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ കിട്ടുന്നതിനനുസൃതമായി മാർജിൻ മണി വായ്പ നൽകുന്നുണ്ട്. ചെറുകിട കയറുൽപ്പന്ന ഉൽപ്പാദക സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിച്ച് നടത്തുന്നതിന് ധനസഹായം നൽകി വരുന്നു. കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിയിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് മാറ്റ്സ് ആന്റ് മാറ്റിംഗ്സ് കയർ സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടറൈസ്ഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ 464 കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

ചകിരി മില്ലുകൾ

100 [2967] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര തൊണ്ടുതല്ല് ചകിരി മില്ലുകൾ ഉണ്ട്; ഇവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്ന് പ്രോജക്ട് ഏരിയ തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഇവയിൽ എത്രയെണ്ണം പച്ചതൊണ്ട് ഉപയോഗിക്കുന്നുവെന്നും അവയുടെ ഉൽപ്പാദനശേഷി എത്രയെന്നും പ്രോജക്ട് ഏരിയ തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly